**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.660 — 05.06.2018-ലെ മറുപടിയ്ക്ക്

## കായിക ക്ഷമതാ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.ദാസൻ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് കുട്ടികളുടെ കായിക ക്ഷമത പരിശോധനയ്ക്ക് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്പോർട്സ് വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; | (എ), (ബി) & (സി) | കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായിക ക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് വേണ്ടി ആവിഷ്കരിക്കുന്ന പദ്ധതിയാണ് "കായിക ക്ഷമത മിഷൻ"<br>ടി പദ്ധതിയുടെ നടത്തിപ്പിനായി കേരള സമൂഹത്തെ നാലായി തരം തിരിയ്ക്കുന്നതാണ്.<br>➢ നഴ്സറി മുതൽ 4-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾ<br>➢ 8-ാം ക്ലാസ്സ് മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾ<br>➢ യൂണിവേഴ്സിറ്റി തലം<br>➢ യുവജനങ്ങൾ മുതൽ മുതിർന്ന പൗരൻമാർ വരെ<br>ഇതിൽ യൂണിവേഴ്സിറ്റി തലത്തിലുള്ള വിദ്യാർത്ഥികൾക്കായുള്ള പരിശീലന പരിപാടികൾ വിഭാവനം ചെയ്യുന്നതിനുള്ള അവസാന ഘട്ട ചർച്ചകൾ നടന്നു വരുന്നു. ബാക്കി വിഭാഗങ്ങൾക്ക് ആവശ്യമായ പരിശീലനപരിപാടികൾ അതാത് തലങ്ങളിലെ വിദഗ്ദ്ധരുമായി ചർച്ച ചെയ്ത് തീരുമാനിച്ചു കഴിഞ്ഞു.<br>വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ സഹായസഹകരണത്തോടു കൂടിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്. |
| (ബി) | കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനും ജീവിത ശൈലി രോഗങ്ങളെ ചെറുക്കുന്നതിനും സമയ ബന്ധിതമായി എന്തെല്ലാം പരിപാടികളാണ് പൂർത്തീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | | |
| (സി) | കായിക ക്ഷമത ഉറപ്പുവരുത്താൻ ഒരു കായികക്ഷമതാ മിഷൻ രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**